# Digital dreams



AKMHSS MYLAPURE

Digital dreams

Digital dreams




A.K.M.H.S.S

# ആശംസകൾ



സാങ്കേതിക ഉപകരണങ്ങൾ പരിചയപ്പടാനും അവ ഉപയോഗിച്ച് വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും വിവരവിനിമയ സാങ്കേതിക വിദ്യയുടെ നവീനമേഖലകൾ പരിചയപ്പെടാനും ലിറ്റിൽ കൈറ്റിലൂടെ നമ്മുടെ സ്കൂളിലെ കുട്ടികൾക്ക് അവസരം ലഭിച്ചതിൽ ഞാൻ അതിയായ സന്തോഷം രേഖപ്പെടുത്തുന്നു കൂടാതെ ലിറ്റിൽ കൈറ്റ്സിലെ ഈ കുട്ടികൾ ഭാവിയിൽ നമ്മുടെരാജ്യത്തെ സാങ്കേതിക മേഖലകളിൽ പടർന്നു പന്തലിയ്ക്കാൻ ഇടയാകട്ടെ

Dr. എ. യൂനസ് കുഞ്ഞ് Ex.MLA

മാനേജർ

AKMHSS ,Myalapure

## സന്ദേശം



വിദ്യാലയത്തിലെ സാങ്കേതിക വിദ്യാധിഷ്ഠിത പഠനപ്രവർത്തനങ്ങൾക്ക് മികവ്കൂട്ടുന്നതിനും ,സുരക്ഷിതവും,യുക്തവും മാന്യവുമായ,ഇന്റെർനെറ്റ് ഉപയോഗം മനസ്സിലാക്കുന്നതിനും, ഈ പദ്ധതിയിലൂടെ കുട്ടികൾക്ക് കഴിഞ്ഞതായി ഞാൻ മനസ്സിലാക്കുന്നു . ഇതിൽ ഭാഗമായ എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.

H.M ശ്രീ .ജയശ്രീയമ്മ.

# സന്ദേശം



ഭാഷാ കമ്പ്യൂട്ടിങ്ങിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളെ ബോധവാൻമാരാക്കുകയും വിവിധ ഭാഷാ കമ്പ്യൂട്ടിങ്ങിന്റെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാനുള്ള അവസരം ലഭിക്കുന്ന ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ പങ്കെടുത്ത കുട്ടികൾ പുറത്തിറക്കുന്ന മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു....

സുധീർ.

P.T.A പ്രസിഡന്റ്



# ആശംസകൾ

വിവര വിനിമയ സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവ സാമൂഹിക പ്രതിബദ്ധതയുള്ളതുമായ തലമുറയെ വാർത്തെടുക്കുവാൻ വേണ്ടി സ്വയം പഠിക്കുകയും ഒപ്പം പാഠ്യവസ്തുവിൽ അവബോധവും താൽപര്യവും അഭിരുചിയും സൃഷ്ടിക്കുകയും ചെയുന്നതിനുള്ള അവസരങ്ങൾ സാധ്യമാകുന്നത്തിന് വെണ്ടി രൂപീകൃതമായിട്ടുള്ള ലിറ്റിൽ കൈറ്റ്സ് മൈലാപ്പൂര് എ.കെ.എം.എച്ച്.എസ്.എസിൽ പുറത്തിറക്കുന്ന മാഗസിന് സർവ്വ ആശംസകളും നേരുന്നു.

എസ്.അഹമ്മദ്ഉബൈൽ

സ്റ്റാഫ് സെക്രട്ടറി

എ.കെ.എം.എച്ച്.എസ്.എസ്

# IT CLUB

Change is inevitable. Every change is an opportunity to better our future. Nowadays our school classrooms are changed to Hi tech. To ensure participation of student in handling ICT tools in Hi tech classes ,the program “Little Kite” has been introduced. It provides an opportunityfor the usage of technology and software.

We congratulate all the Little Kite members and the trainers smt.Sindu.V.S and smt.Sheeja.A for their valuable effort taken to bring out this Magazine.

JSITC



**SAJEELA.K**

SITC



**PRADEEP KUMAR.R**

## സമർപ്പണം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയും ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 2018-19-ൽ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധതിയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി ആരംഭിച്ച ഡിജിറ്റൽ മാഗസിന് പിന്നിൽ പരിശ്രമിച്ച അദ്ധ്യാപകർക്കും കുട്ടികൾക്കും നന്ദി അറിയിച്ചു കൊള്ളുന്നു.......



ഷീജ



സിന്ധു



# ആമുഖം

നമ്മുടെ സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ഉദ്ധേശ്യത്തോടെ പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന സുപ്രധാന ചുവട് വെയ്പ്പാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. വായനയും പഠനവും ജീവിതവും പുരോഗമനോന്മുഖമാക്കുക, വിജ്ഞാനത്തിന്റെ വിശാലമായ ലോകത്തേക്ക് കുട്ടികളെ കൈപിടിച്ച് ഉയർത്തുക ഇതിലൂടെ അതിവിപുലമായ ഒരു ഹൈടെക് വിദ്യാഭ്യാസ പ്രവർത്തനത്തിന് നമ്മളോരോരുത്തരും പങ്കാളിയാവുകയാണ്.

വിജ്ഞാനം വിരൽത്തുമ്പിൽ ആർജ്ജിക്കപ്പെടുന്നത് ഓരോ കുട്ടിയുടേയും അവകാശമായി മാറുന്നു.സ്കൂൾ തല മുഴുവൻ അക്കാഡമിക് പ്രവർത്തനങ്ങളും വിവരസാങ്കേതിക വിദ്യയുടെ ഭാഗമാക്കി മാറ്റപ്പെടുന്നതു വഴി സ്കൂൾ സ്രോതസ്സുകൾ നവീകരിക്കപ്പെടുന്നു.വൈജ്ഞാനിക ഗ്രന്ഥങ്ങൾ, സ്കൂൾ ലൈബ്രറി എന്നിവ ഡിജിറ്റലൈസ്ഡ് ആയിമാറുന്നു.എല്ലാ അധ്യപകർക്കും ഡിജിറ്റൽ ലൈബ്രറിയുടെ സേവനം ലഭ്യമാകുന്നു.അധ്യപകരും വിദ്യാർത്ഥികളും രക്ഷകർത്താക്കളും ഉൾപ്പെടെ സമൂഹം മുഴുവൻ പ്രസ്തുത സംരംഭത്തിന്റെ ഭാഗഭാക്കാമ്പോൾ ഇതൊരു കാമ്പെയിൻ ആയിമാറുന്നു. സ്കൂൾ തലത്തിൽ സ്കൂൾ മാനേജർ,സ്കൂൾ P.T.A. ഹെഡ്മാസ്റ്റർ,മുഴുവൻ അധ്യപകരും വിദ്യാർത്ഥികളും ഉൾപ്പെടെ എല്ലാവരും പങ്കാളിയാകുന്നു.സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളേയും ഏകോപിപ്പിച്ച് സാമൂഹിക പ്രതിബദ്ധതയുള്ള ഒരു തലമുറയെ വാർത്തെടുക്കുകയാകട്ടെ നമ്മുടെ ആത്യന്തിക ലക്ഷ്യം.

കേരളാ ഇൻഫ്രാ സ്ടക്ചറൽ ഇൻഫർമേഷൻ ആന്റ് എഡ്യൂക്കേഷൻ അഥവാ (KITE) എ.കെ.എം.എച്ച്.എസ്.എസ് മൈലാപ്പൂര് സ്കൂളിൽ അശ്വവേഗതയിൽ പ്രയാണം ആരംഭിച്ചിരിക്കുന്നു.ഈ സംരംഭത്തിൽ പങ്കാളിയായ എല്ലാ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും നിസ്വാർത്ഥമായ എന്റെ കൃതജ്ഞത അർപ്പിക്കുവാൻ കൂടി ഈ അവസരം ഉപയോഗപ്പെടുത്തിക്കൊള്ളട്ടെ...

ഷീന.എൻ
എച്ച്.എസ്.എ. മലയാളം      എ.കെ.എം.എച്ച്.എസ്

Digital dreams




A.K.M.H.S.S



***OUR TEACHERS***

# പൂന്തോട്ടം



എന്തു മനോഹരമീ പൂന്തോട്ടം
പല വർണ്ണങ്ങളാലുള്ള പൂക്കൾകൊണ്ട്
നിറഞ്ഞു നിൽക്കുന്ന പൂന്തോട്ടം
കണ്ണിനു കുളിർമയേകുന്ന പൂന്തോട്ടം
മനസ്സിനെ ശാന്തമാക്കുന്ന പൂന്തോട
പൂവിലിരിക്കാൻ പല വർണ്ണ ശലഭങ്ങളും
ഇളം കാറ്റിൽ ആടിക്കളിക്കുന്ന പൂക്കളും....

ഫാത്തിമ.എച്ച്
9:D

# കടങ്കഥകൾ

അച്ഛൻ സൂര്യൻ, അമ്മ സമുദ്രം, കുടിൽതൊട്ട്

കൊട്ടാരം വരെ പ്രവേശനമുണ്ട്, കുറഞ്ഞാൽ

തെറ്റ് കൂടിയാൽ തെറ്റ് - ഉപ്പ്

അമ്മ കരുമുരുക്കനെമകൾ മിനുമുനുക്കനെമക-

ളുടെ മകളോരു മാണിക്യകല്ല് -ചക്കയും ചുളയും

അങ്ങേലെ അമ്മ ഇങ്ങേലെ വന്നു മുറ്റമടിച്ചു -

മുളയുടെ തല

അമ്മ കിടക്കയിൽ മകൾ നൃത്തശാലയിൽ -

അമ്മിക്കല്ല്

അമ്മ തൊട്ടാലും അമ്മയെ തൊട്ടാലും മകൻ

മരിക്കും -തീപ്പെട്ടി

അനേകം മതിൽ കെട്ടി അകത്തൊരു വെള്ള-

വടി - വാഴപ്പിണ്ടി

അമ്മ പെറ്റതെല്ലാം വെള്ളപ്പട്ടാളം - ചിതൽ

അകത്തു രോമം പുറത്തിറച്ചി - മൂക്ക്

അടിമുള്ള് നാട്ടുകാട് തലപൂവ് - പൂവൻകോഴി

ആയിരം കണ്ണുള്ളവൻ ചന്തയ്ക്കുപോയി - വല



നിഖില.എ

# നൊബേൽ സമ്മാനം 2018

**വൈദ്യശാസ്ത്രം**

ജയിംസ് അലിസൺ(യുഎസ്);തസുകു ഹോൻജോ(ജപ്പാൻ) -ശരീരത്തിൽ പ്രതിരോധ വ്യവസ്ഥയിൽ മാറ്റങ്ങൾ വരുത്തി കാൻസറിനെ ചെറുക്കാനുള്ള ഗവേഷണത്തിന്ന്.

**ഭൗതികശാസ്ത്രം**

ആർതർ ആഷ്കിൻ (അമേരിക്ക), ഷെറാദ് മൊറു (ഫ്രാൻസ്), ഡോണ സ്ട്രിക്ലൻഡ് (കാനാഡ) -അർബുദ ചികിൽസാരംഗത്തും നേത്ര ശസ്ത്രക്രിയയിലും വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കിയ ഒപ്റ്റിക്കൽ ലേസർ സങ്കേതികവിദ്യ കണ്ടുപിടിച്ചതിന്.

**രസതന്ത്രം**

ഫ്രാൻസെസ്.എച്ച.അർനോൾഡ്(കലിഫോർണിയ)ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി യുഎസ്),ജോർജ് പി. സ്മ്ത്തി(യൂണിവേഴ്സിറ്റി ഓഫ് മിസോറി,യുഎസ്),സർ ഗ്രിഗറി പി. വിൻർ (എം ആർസി ലബോറട്ടറി ഓഫ് മോളിക്യൂലർ ബയോളജി യു കെ)

**സമാധാനം**

ഡോ. ഡെനിസ് മുകവെഗി(കോംഗോ), നാദിയ മുറാദ് (ഇറാഖ്) -സമാധാന നോബേൽ നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ രണ്ടാമത്തെയാളാണ നാദിയ.

ഫാത്തിമ.H

9;D

-

Digital dreams

# കൊല്ലം

രൂപീകരണം - 1949 ജൂലൈ -1

വിസ്തീർണം - 2491 ച.കി.മീ

ജനസംഖ്യ - 26,35,375

ജനസാന്ദ്രത- 1061/ ച.കി.മീ.

സ്ത്രീ -പുരുഷ അനുപാതം- 1113/1000

സാക്ഷരതാ ശതമാനം- 94.1

നിയമസഭാ മണ്ഡലങ്ങൾ- 11

പഞ്ചായത്തുകൾ- 68

കോർപറേഷൻ- 1 (കൊല്ലം)

മുനിസിപ്പാലിറ്റികൾ- 4

താലൂക്കുകൾ- 6

ലോക് സഭാ മണ്ഡലം- 1

കടൽതീരം- 37 km.

ബ്ലോക്ക് പഞ്ചായയത്തുകൾ- 11

ഗ്രാമ പഞ്ചായത്തുകൾ- 68



പ്രധാനപ്പെട്ട കാര്യങ്ങൾ

1, അഷ്ടമുടി കായലിന്റെ തീരത്താണ് കൊല്ലം നഗരം സ്ഥിതി ചെയ്യുന്നത്.

2, കശുവണ്ടി വികസന കോർപറേഷന്റെ ആസ്ഥാനം കൊല്ലത്താണ്

3,ആശ്രാമം മൈതാനത്താണ് കേരളത്തിൽ ആദ്യമായി വിമാനമിറങ്ങിയത്


4,കൊല്ലം ജില്ലയിൽ ആംഗ്ളോ-ഇന്ത്യൻ സംസ്കാരം നിലനിൽക്കുന്ന സ്ഥലമാണ് തങ്കശ്ശേരി.

അദ്നാൻ 9D



A.K.M.H.S.S

# <u>അത്യുന്നതയിൽ ഉരുക്കുമനുഷ്യൻ</u>



ലോകത്തെ ഏറ്റവും ഉയരമുള്ള പ്രതിമ എന്ന തലയെടുപ്പോടെ,ഇന്ത്യയുടെ ഉരുക്കു മനുഷ്യൻ, സർദാർ വല്ലഭായി പട്ടേലിന്റെ പൂർണകായ പ്രതിമ'statue of unity'രാഷ്ട്രത്തിന് സമർപ്പിച്ചു. സർദാർ പട്ടേലിന്റെ ജൻമദിനമായ october 31-ന് പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് ഉത്ഘാടനം നിർവഹിച്ചത്.ഗുജറാത്തിലെ നർമദാനദിയിലെ സർദാർ സരോവർ അണക്കെട്ടിനു സമീപം സാധുബേത്ത് ദ്വീപിൽ നിലകൊള്ളുന്ന പ്രതിമയ്ക്ക് 182 മീറ്ററാണ് ഉയരം.

ചൈനയിലെ 'spring temple budha'-യെ പിൻതള്ളിയാണ് ലോകത്തെ ഉയരം കൂടിയ പ്രതിമ എന്ന റെക്കോഡ് 'statue of unity' സ്വന്തമാക്കിയത്.spring temple budha-യടെ ഉയരം 153 മീറ്ററാണ്.പ്രമുഖ ശിൽപി റാം.വി. സുതാറാണ് ശിൽപം രൂപകൽപന ചെയതത് .2989 കോടി രൂപ ചെലവഴിച്ച് മൂന്നര വർഷം കൊണ്ടാണ് 40 നിലക്കെട്ടിടത്തിന്റെ ഉയരമുള്ള പ്രതിമ തീർത്തത് .

അഞ്ചു മേഖലകളായി തിരിച്ചിട്ടുള്ളപ്രതിമയുടെഉൾഭാഗത്ത് മെമ്മോറിയൽഗാർഡൻ,വിശാല മ്യൂസിയം,കൺവെൻക്ഷൻ സെന്റർ തുടങ്ങിയ സൗകര്യങ്ങൾ ഉണ്ട്.



<u>ഷെഹിന</u>


# അഷ്ടമുടിക്കായൽ

കേരളത്തിലെ കായലുകളുടെ എണ്ണം 34 ആണ്. ഇതിൽ 27 എണ്ണം കടലുമായി ബന്ധപ്പെട്ട് കിടക്കുന്നു. കടലുമായി ബന്ധമില്ലാത്ത ഏഴെണ്ണം ഉൾനാടൻ ജലാശയങ്ങളാണ്.



ഏറ്റവും വലിയ രണ്ടാമത്തെ കായലാണ് അഷ്ടമുടിക്കായൽ. കൊല്ലം ജില്ലയിലാണിത് സ്ഥിതി ചെയുന്നത്.എട്ടു ശാഖകളായി കിടക്കുന്നതിലാണ് ഈ കായലിന് അഷ്ടമുടിക്കായൽ എന്ന പേര് ലഭിച്ചത് .ആശ്രാമം കായൽ ,കുരീപ്പുഴ കായൽ ,മഞ്ഞപ്പാടൻ കായൽ , മുക്കാടൻ കായൽ,കാഞ്ഞിരോട്ട് കായൽ എന്നിവയാണ് അഷ്ടമുടിക്കായൽ.

മുഹമ്മദ് ജാസിം



# അറബി കടങ്കഥകളിൽ നിന്ന്



-ഞാൻ എവിടെയുമുണ്ട് പക്ഷെ എന്നെ കാണില്ല

ഞാൻ ആരാണ്?

വായു

- മണ്ണിൽ നിന്നല്ല , വിണ്ണിൽ നിന്നല്ല വെള്ളമേതെന്ന് പറയാമോ?

കണ്ണുനീർ

- പോയാൽ മടങ്ങിവരില്ല?

സമയം

- എന്നെ പൊട്ടിച്ചാൽ മാത്രമേ ഉപയോഗിക്കാൻ പറ്റൂ?

മുട്ട

- അങ്ങാടിയിൽ പച്ച , കയ്യിലെത്തിയാൽ ചുമപ്പ്?

മൈലാഞ്ചി

- ധാരാളം എഴുതും ഒരക്ഷരവും വായിക്കാൻ കഴിയില്ല?

പേന

-ശബ്ദം വലുത് ,വയറ് കാലി?


ചെണ്ട

ആഷിക്ക് ARTS CLUB SECRETARY

# വിക്ടോറിയ വെള്ളച്ചാട്ടം



ആഫ്രിക്കയിലെ ഏറ്റവും വലിയവെള്ളച്ചാട്ടമാണ് വിക്ടോറിയ വെള്ളച്ചട്ടം.ഇതിന് നയാഗ്രയേക്കാൾ ഒന്നര ഇരട്ടി വീതിയും ഇരട്ടി ഉയരവുമുണ്ട്.വടക്ക പടിഞ്ഞാറൻ സാമ്പിയയിൽ നിന്നുത്ഭവിക്കുന്ന സാംബസി നദിയിലാണ് വിക്ടോറിയ വെള്ളച്ചാട്ടം സ്ഥിതിചെയ്യുന്നത്. 2,650 കിലോമീറ്റർ നീളമുള്ള ഈ നദി വടക്ക സാമ്പിയയിൽ നിന്നു തെക്ക് സിംബാബയിലേക്ക് പ്രവേശിക്കുന്ന അതിർത്തി പ്രദേശത്തിൽ പെട്ടെന്നു



താഴേയ്ക്കു പതിക്കുന്നു.ഈ വെള്ളച്ചട്ടത്തിന് 90 മുതൽ 107 വരെയാണ് ഉയരം.വീതി ഏകദേശം 17 കിലോമിറ്ററും.ഈ വെള്ളച്ചാട്ടത്തിൽ നിന്നുണ്ടാകുന്ന മേഘരൂപം 60 കിലോമീറ്ററും അകലെ നിന്നുപോലെ കാണാം,വെള്ളപ്പൊക്കമുള്ള മാർച്ച്,മെയ് മാസങ്ങളിൽ ഈ വെള്ളച്ചാട്ടത്തിലൂടെ ഒരു സെക്കന്റിൽ 7650 ഘനമീറ്റർ ജലമാണ് പതിക്കുന്നത്.ഈ പരിസരത്തെ ആദിമനിവാസികൾ ഇതിനെ വിളിക്കുന്നത് ഇടിവെട്ടുന്ന പുക എന്ന അർത്ഥം വരുന്ന മോസി ഓറ്റന്യാ എന്ന പേരിലാണ് .വായുവിന്റെ ശക്തി ജലശിഖരങ്ങളെ 300 മീറ്റർ വരെ ഉയരത്തിൽ കൊണ്ടു പോകാറുണ്ട്.ഇതിനെ ഇവിടുത്തെ ആദിമനിവാസികൾ ഈശ്വരപ്രഭാവം എന്ന നിലയിലാണ് ആരാധിക്കുന്നത്.ഇത് ആദ്യം കണ്ടെത്തിയ യൂറോപ്യൻഡേവിഡ് ലിവിങ്സ്റ്റൺ ആണ്.

ഫാത്തിമ.എസ്
9:C

# ഇളം കാറ്റ്

തുറന്നു വെച്ച പുസ്തകത്താളുകൾ
മെല്ലെ പറത്തുന്ന കാറ്റ്.
ഉയരത്തിൽ വളർന്നു നിൽക്കുന്ന മരങ്ങളെ
ആട്ടിക്കളിപ്പിക്കുന്ന കാറ്റ്.
ആനന്ദം തിങ്ങുന്ന വേളകളിൽ
എന്നെ തഴുകിയോടുന്ന ഇളം കാറ്റ്.
ചില നേരങ്ങളിൽ എന്നിൽ ആനന്ദം ഉണർത്തുന്ന തണു തണുത്ത കാറ്റ്.
ചില സമയങ്ങളിൽ മനുഷ്യർക്ക്
ശല്യമുണ്ടാക്കുന്ന കൊടും കാറ്റ്.
പൂക്കളെ തഴുകുന്ന കാറ്റ്
മനസ്സിനെ ശാന്തമാക്കുന്ന ഇളം കാറ്റ്.

ഷഹിന
8B

# കാണാക്കിനാവ്

ജനലഴികൾക്കിടയിലൂടെ തരിതരിയായി സൂര്യപ്രകാശം അരിച്ചിറങ്ങി ജടനാരകളിൽ തട്ടി പ്രതിഭലിച്ചു. അത് വകവെക്കാതെ അവർ ഉറക്കത്തിൽ തന്നെ ലയിച്ചു ചേർന്നു . കുറേ കഴിഞ്ഞ് ഉറക്കച്ചടവോടെ എഴുന്നേറ്റ് വൃദ്ധാശ്രമത്തിന്റെ അടുക്കള ഭാഗത്തേക്ക് പോയി . പ്രഭാത കൃത്യങ്ങൾ നിറവേറ്റ് കോണിപ്പടികൾ ഇറങ്ങിയപ്പോൾ കാലൊന്ന് ഇടറി...

"ഭവാനീ.. നോക്കി നടന്നൂടെ?"

നേരിയ വിറയലോടെ ജാൻസിയമ്മ അവരെ താങ്ങിപ്പിടിച്ചു.

"വയ്യ ........ജാനീ.."

മറ്റൊന്നും മിണ്ടാതെ അവർ പടികളിറങ്ങി താഴേക്ക് ..

ഇവരെന്താ എപ്പോഴുമിങ്ങനെ ?എന്നാലോചിച്ച് കൊണ്ട് ജാൻസിയമ്മ മുറിയിലേക്ക് പോയി.

അവർ അവരുടെ മകനെ തേടുകടാണ്. ആറ് മാസം മുമ്പ് തന്നെ ഇവിടെ ആക്കിയിട്ട് പോയ മകനെ. വൃദ്ധസദനത്തിന്റെ പടിവാതിക്കൽ ഓടിയെത്തുന്ന ഓരോ കാറിന്റെയും ശബ്ദം കേൾക്കുമ്പോഴും അത് തന്റെ മകനായിരിക്കണേ എന്ന പ്രാർത്ഥന അവരുടെ മനസ്സിൽ തീയായി ജ്വലിക്കും. അതവനല്ല എന്നറിയുമ്പോൾ ആ ജ്വലനം ഒരു വലിയ കാട്ടുതീ പോലെ അവരെ കരിച്ചുകളയും.

വൃദ്ധാശ്രമത്തിന്റെ വാർഷികാഘോഷവുമായി ബന്ധപ്പെട്ട് ഒരു വിദ്യാലയത്തിൽ നിന്ന് കുട്ടികൾ അവിടം സന്ദർശിച്ചു . അതിലൊരു വികൃതി ,കൂട്ടുകാരന്റെ മിഠായി തട്ടിപ്പറിച്ചോടുന്നത് കണ്ട് ഭവാനി ഒരു ചെറുപുഞ്ചിരിയോടെ ഓർമ്മയുടെ അകത്തളങ്ങളിലേക്ക് താണുപോയി .

യൗവനകാലത്ത് രാഷ്ട്രീയം ഭവാനിക്ക് ഭ്രമമായിരുന്നു . ഇന്ത്യ ബ്രിട്ടീഷിന്റെ പിടിയിൽ നിന്ന് വേർപ്പെട്ട ആ ദിവസമാണ് അവൾ ജനിച്ചത് .മുദ്രാവാക്യങ്ങളുടെ ആർത്തിരമ്പുന്ന ജനരോഷം കേട്ട് കൊണ്ടാണ് അവൾ ജനിച്ചത് . അത്കൊണ്ടാവണം സാമൂഹ്യപ്രവർത്തനങ്ങൾ കൊണ്ട് തന്റെ രാജ്യത്തെ ഉന്നതിയിലെത്തിക്കണമെന്ന ചിന്ത കൊണ്ടാവാം ,അല്ലെങ്കിൽ അമ്മ പറഞ്ഞുകൊടുത്ത ബ്രിട്ടീഷുകാരുടെ ക്രൂരതകളെകുറിച്ചിട്ട് ചിന്തിച്ചിട്ടോ ആവാം ,രാഷ്ട്രീയം അവളിൽ ഉണ്ടായത് . വിവാഹം കഴിച്ചതോടെ അവൾക്ക് പിന്താങ്ങായി ഭർത്താവ് ശേഖരൻകുട്ടിയും രാഷ്ട്രീയപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. വിവാഹം കഴിഞ്ഞ് ഒരു നീണ്ട ഇടവേളക്ക് ശേഷം ഒരു മകൻ പിറന്നു . 'നെഹറു 'എന്ന് അവന്

പേരുമിട്ടു. ശർക്കര ഏറേ പ്രിയപ്പെട്ടതാന് അവന് . വികസന പരിപാടികൾക്കും മറ്റും പായസത്തിനായി ശർക്കരയും മറ്റും ഭവാനിയുടെ വീട്ടിലാണ് സൂക്ഷിച്ചിരുന്നത്. ശർക്കരക്കള്ളനെ പേടിച്ച് ഭവാനി അപ്പോൾ ജാഗ്രതയിലായിരിക്കും . ഒടുവിൽ അവൻ തന്നെ വിജയിക്കും . ഒരു ശർക്കരയുടെ കഷ്ണവും കൊണ്ട് അവൻ വീട്ടിന്റെ പിന്നാമ്പുറത്തേക്കോടുന്നത് അവർ കണ്ടു ......

"ഭവാനിയമ്മേ... നിങ്ങളെ ദേ വിളിക്കുന്നു...വേഗം ചെല്ല് ."

അടുത്തു നിന്ന ആരോ ആണ്.

ഓർമകളുടെ മുങ്ങിത്തപ്പലിൽ നിന്ന് പൊടുന്നനെ അവർക്ക് തെന്നിമാറേണ്ടി വന്നു . അന്നത്തെ പരിപാടി എല്ലാം കഴിഞ്ഞ ആ സാമൂഹ്യസേവക തന്റെ ചുളുവ് നിറഞ്ഞ കൈ കൊണ്ട് ഇടറുന്ന അക്ഷരങ്ങൾ കൊണ്ട് ഒരു കത്തെഴുതി. മകനായിരുന്ന ആ കത്ത്............

--അറഫ .എസ്--



# കണ്ണീർ സാഗരം



തത്തിക്കളിച്ചിടുന്ന മന്ദം മന്ദം
പെട്ടെന്നൊരുനാൾ എരിയുന്നൾത്തടം
ഓർക്കാൻ കഴിയുന്നിലെ വിടിനഭയം
ചിന്തിച്ചീല നിൻ പുഞ്ചിരി കണ്ട നാൾ
ഇത്തരമൊരു വിപത്തായി മാറും നീയെന്ന്
പൊൻകോട്ട പോൽ സൂക്ഷിച്ചിരുന്നയെൻ
മണിമാളികയിലാകെ നാശം ചുരത്തി നിൻ മേലെ
സ്നേഹിച്ചിരുന്ന ഞാൻ നിൻ തുടക്കത്തെ
മാഞ്ഞു പോയില്ലേ ആ സ്നേഹവും നിന്നെ-
പേടിച്ചുവിട്ടും നേരത്തെൻ മൗമതിൽ നിന്ന് !...



അഹമ്മദ് രിഫാഹി



# Computer Memory

Computer Memory is just like human brain. It is used to store data and instructions. It is the storage space in the computer, where data is to be processed and instructions required for processing are stored. The memory is divided into large number of small parts called cells. Each location or cell has a unique address.

Memory is of mainly three types, cache memory, primary memory/main memory and secondary memory

Cache memory is a very high speed semiconductor memory which can speed up the CPU .it acts as a buffer between the CPU and the main memory. It is used to hold those parts of data and program which are most frequently used by the CPU. Primary storage, also known as main memory, is the area in a computer in which data is stored for quick access by the computer's processor.


(RAM) and memory are often as synonyms for primary or main storage.

Secondary memory is where programs and data are kept on a long-term basis. Common secondary storage devices are the hard disk and optical disks.

ALAMEEN



# SUN RISE



**I  WONDER HOW BEAUTIFUL,**

THE  SUNRISE IS

THE WORLD LOOKS DECORATED,

BY THE SUNSHINE

I WONDER THE MOMENT,

HOW BEAUTIFUL IT IS.

SUN RISES WITH NEW HOPE,

AND IT GIVES NEW SCOPES.

REFRESHES MIND,

WITH GLOWING LIGHT.

HOW BEAUTIFUL ALMIGHTY,

HAD DONE SUCH A THING.

I WONDERS.......

IRFANA



Digital dreams

# *The Excellent Teaching Of The Noble Prophet Muhammed(s)*

Saying good is an act of charity

Cleanliness is a half the faith

Action depend on intention

A muslim holds out a mirror to another muslim

who ever maintainces silence attains

Modesty ensure goodness in every aspect

Action depends on intention

Verity, the religion is sincerity

The best  among you is who was excellent conduct

who ever recites “There is no good beside allah” will enter paradise.

HUSUNAL HUDHAH
Vice Chairman
AKMHSS,MYLAPUOR

A.K.M.H.S.S

# FIRST WOMEN IN INDIA

First woman speaker of lok sabha
Meira kumar
India,s first woman governor
arojini naidu
India,s first woman IPS Officer
kiran bedi
First woman chief minister of state
Sucheta kripalani(UP)
First woman union minister
Rajkumari amirita kaur
First woman President of INC
Annie besant
First woman Judge of supreme court
Meera sahib fatima bibi
First indian woman ambassador at UN
Vijayalekshmi Pandit
First indian woman toclimb Mt Everest
Bachendri pal
First indian woman to become miss world
Reita Faria
First indian woman to climb mt everest twice
Santhosh Yadhav
First indian woman to become

ANSHAD



# *IMPORTANT NATIONAL PARKS IN INDIA*

***NAME*** ***STATE***

- ***ANAMUDI SHOLA NATIONAL PARK - KERALA***
- ***ANSHI NATIONAL PARK - KARNATAKA***
- ***BLACKBUCK NATIONAL PARK ,VELAVADAR - GUJARAT***
- ***DACHIGAM NATIONAL PARK - JAMMU AND KASHMIR***
- ***DESERT NATIONAL PARK -RAJASTHAN***
- ***DUDHWA NATIONAL PARK -UTTAR PRADESH***
- ***ERAVIKULAM NATIONAL PARK- KERALA***
- ***GIR FOREST NATIONAL PARK - GUJARAT***
- ***GREAT HIMALAYAN NATIONAL PARK - HIMACHAL PRADESH***
- ***GUINDY NATIONAL PARK - TAMIL NADU***



- ***INDRAVATI NATIONAL PARK -CHHATTISGARH***
- ***JALDAPARA NATIONAL PARK -WEST BENGAL***
- ***JIM CORBETT NATIONAL PARK -UTTARAKHAND***
- ***KANHA NATIONAL PARK -MADHYA PRADESH***
- ***KAZIRANGA NATIONAL PARK - ASSAM***
- ***KEIBUL LAMJAO NATIONAL PARK - MANIPUR***
- ***KEOLADEO NATIONALPARK -RAJASTHAN***
- ***KHANGCHENDZONGA NATIONAL PARK -SIKKIM***
- ***MAHATMA GANDHI MARINE NATIONAL PARK-ANDAMAN AND NICOBAR ISELANDS***
- ***NAMDAPHA NATIONAL PARK -ARUNACHAL PRADESH***
- ***NOKREK NATIONAL PARK -MEGHALAYA***
- ***NTANGKI NATIONAL PARK -NAGALAND***



- ***SIMLIPAL NATIONAL PARK -ODISHA***
- ***SULTHANPUR NATIONAL PARK -HARIYANA***
- ***VALMIKI NATIONAL PARK -BIHAR***

Digital dreams

***HASHIM.S***

# ശരിയും തെറ്റും

| ശരി | തെറ്റ് |
| --- | --- |
| തുച്ഛം | തുശ്ചം |
| ദരിദ്രൻ | ദരിദ്ര്യൻ |
| ദുശ്ശീലം | ദുർശ്ശീലം |
| നിശ്ശബ്ദത | നിശബ്ദത |
| നിശ്ശേഷം | നിശേഷം |
| പാതിവ്രത്യം | പാതിവൃത്യം |
| പെട്ടെന്ന് | പെട്ടന്ന് |
| പ്രദക്ഷിണം | പ്രദിക്ഷണം |
| പ്രവൃത്തി | പ്രവർത്തി |
| പ്രാവശ്യം | പ്രാവിശ്യം |
| മനസാ | മനസ്സാ |
| രക്ഷാകർത്താവ് | രക്ഷകർത്താവ് |
| വിശിഷ്യ | വിശിഷ്യാ |

കാവ്യാ-8 B



A.K.M.H.S.S

# അനാഥൻ

ഒരു പിടി പറ്റിന്റെ രുചിയെന്തന്നറിഞ്ഞീടാൻ
കേഴുന്നോരനാഥരാം ബാല്യങ്ങളെ!
എന്തിനായ് നിങ്ങൾ ഈ ഭൂമിയിൽ വന്നു.
എന്തോർത്തുനിങ്ങൾ ഈ
ഭൂമിയിൽ പിറന്നു .
വായ് തന്ന ദൈവം വയറിന്
തരു       മെന്നോർത്തിട്ടോ?
അതോ പറഞ്ഞിട്ടോ?
ഈ തളരും ഭൂമിയിൽ
തളരാത്ത മനസ്സുമായ്
ജിവിക്കാൻ നിങ്ങൾ ഒരുക്കാമോ?
നിങ്ങളും മൊന്നോർക്കുക നിങ്ങൾ അനാഥരല്ല.
നിങ്ങളുമീ പാരിന്റെ മക്കൾ
എന്റെ തല്ല നിന്റെ തല്ല നമ്മുടേതാണീ ഭൂമീ
എന്നു മെന്നും നമുക്കാസ്വദിച്ചീടാം ഭൂമി
ഒരു പിടി വറ്റിന്റെ രുചിയെന്തന്നറിഞ്ഞീടാൻ
കേഴു ന്നേരമനാഥരാം  ബാല്യങ്ങളെ!



അൻഷാദ്

9-B



# अन्नं न निन्द्यात्

तिरुवल्लूर् महाशयस्य जीवितेन सम्बद्धा इयं कथा कर्णाकर्णिकया श्रुता ।सः स्वस्य जीवने कञ्चित् निष्ठाम् आचरितवान् ।भक्षणावसरे एकां सूची जलपूर्ण पात्रं च तस्य समीपे स्थापयितुं सः पत्नी निर्दिशति स्म ।सा प्रतिदिनं तथा अकरोत् । किन्तु किमर्थंम् एवं करोति सा न अपृच्छत्,न अजानात् च ।एवं दिनानि अतीतानि ।

तदानीम् एकस्मिन् दिने सा तमेवम् अपृच्छत् नाथ भक्षणावसरे एकां सूचीं पात्रे जलं च समीपे स्थापयितुं भवान् निर्दिशति अहम् अनुसरामि च । एतत् द्वयमपि भवता इतः पर्यन्तं एकवारमपि न उपयुक्तम्।तयोः प्रयोजनं किमिति न जानामि।तदधिकृत्य भवन्तं किमपि नापृच्छतम् च इति।

तत् श्रुत्वा तिरुवल्लूर् महाशयः एवं प्रत्यवदत्- प्रिये ओदन परिवेषणावसरे वा मम भोजनावसरे वा एकः अपि पुलाकः पात्रात् बहिः पतता चेत् तदा सूच्या पुलाकम् आदाय जले प्रक्षाल्य भोक्तुम् अहं निश्चातवान् ।तदर्थं मया एवं उक्तम्।कान्तु ओदनपरिनेषणावसरे तव श्रद्धया एकः अपि पुलाकः पात्रात् बहिः न अपतत्।तादृशी श्रद्धा त्वया कृता तथैव मम हस्तात् एकः अपि पुलाकः न विनिष्टः। अतः कदाचित् सूचीं जलं च उपयोक्तम् अवसरः न लब्धं च इति ।।

लावण्या -८बि

A.K.M.H.S.S

Digital dreams



# संख्या गणनम्

एकम् [ 1]

दश {10] १०

शतम् [ 100] १००

सहस्त्रम् [1000] १०००

आयुतम् [10000] १००००

लक्षम् [100000] १०००००

प्रयुतम् [1000000] १००००००

कोटिः [10000000] १०००००००

आर्बुदम् [100000000] १००००००००

आब्जम् [1000000000] १०००००००००

खर्वम् [10000000000] १००००००००००

निखर्वः [1000000000000] १०००००००००००

महापद्मम् [1000000000000] १००००००००००००

शङ्खः [10000000000000] १०००००००००००००

जलधिः [100000000000000]

१०००००००००००००

अश्वती- ८ बि

A.K.M.H.S.S



# मम देशः

मम देशो  केरलम्

वीरवराणां जन्मभूमिः

हरितमनोहर सुन्दरभूमि

मम देशो केरलम्  ।



केरवृक्ष सहिता

सुन्दर नद्या सहिता

सुन्दरदृश्या सहिता

मम देशो केरलम्  ।।

वीणा, अखिला     १० c



## कौरवानां नामानि

१) दुर्योधनन्
२) दुश्शासनन्
३) दुस्सहन्
४) दुश्शलन्
५) जलधरन्
६) समन्
७) सहन्
८) विन्दन्
९) अनुविन्दन्
१०) दुर्द्धर्षन्
११) सुबाहु
१२) दुष्प्रधर्षणन्
१३) दुर्मुखन्
१४) दुष्कर्ण्णन्
१५) दुर्मर्षणन्
२२) चित्रांगदन्
२३) चित्रकुण्डलन्
२४) भीमवेगन्
२५) भीमबलन्
२६) वलागि
२७) बलवर्द्धनन्
२८) उग्रायुधन्
२९) सुषेणन्
३०) कण्डतारन्

५१) सत्वन्
५२) सुलोचनन्
५३) चित्रन्
५४) उपचित्रन्
५५) चित्राक्षन्
५६) चारुचित्रन्
५७) शरासनन्
५८) दुर्मदन्
५९) दुर्विगाहन्
६०) विपित्सु
६१) विकटानन्
६२) और्णनाभन्
६३) सुनाभन्
६४) नन्दन्
६५) उपनन्दन्
६६) चित्रबाणन्
६७) चित्रवर्मन्
६८) सुवर्मन्
६९) दुराधरन्
७०) दृढहस्तन्
७१) सुहस्तन्
७२वातवेगन्
७३) सुवर्माव्
७४) आदित्यकेतु

| | |
|---|---|
| ३१) महोदरन् | ७५) बह्वाशि |
| ३२) चित्रायुधन् | ७६) नागदत्तन् |
| ३३) निषंगि | ७७) उग्रशायि |
| ३४) पाशि | ७८) कवचीक्रथनन् |
| ३५) वृन्दाकन् | ७९) कुण्डि |
| ३६) दृढवर्मन् | ८०) कुण्डधारन् |
| ३७) दृढक्षत्रन् | ८१) धनुर्धरन् |
| ३८) सोमकीर्ति | ८२) वीरबाहु |
| ३९) अनूदरन् | ८३) अलोलुपन् |
| ४०) दृढसन्तन् | ८४) अभयन् |
| ४१) जरासन्धन् | ८५) दृढकर्माव् |
| ४२) सत्यसन्तन् | ८६) दृढरथाश्रयन् |
| ४३) सौस्सुवाक् | ८७) अनादृष्यन् |
| ४४) उग्रश्रवस् | ८८) कौण्डभेदि |
| ४५) उग्रसेनन् | ८९) विराहि |
| ४६) सेनानि | ९०) चित्रकुण्डलन् |
| ४७) दुष्पराजयन् | ९१) प्रमथन् |
| ४८) अपराजितन् | ९२) अप्रमाथि |
| ४९) कुण्डशायि | ९३) दीर्षरोमन् |
| ५०) विशालाक्षन् | ९४) सुवीर्यवान् |
| | ९५) दीर्खबाहु |

९६) महाबाहु

९७) व्युढोरस्

९८) काञ्चनध्वजन्

९९) कुण्डाशि

१००) विरजस्स्

१०१) युयुत्सु


एका सहोदरी- - दुश्शला( १०२) अर्चना- ८ बि

# രക്തസാഗരം

കരയുന്നുയീ കുഞ്ഞു മനങ്ങളൊക്കെയും
പൊൻ ശോഭയാലെ വിരിഞ്ഞവരൊക്കയും
നീട്ടുന്നുയീ തളിർ കരങ്ങളൊക്കെയും
പിഞ്ചുശലഭങ്ങളെ പോലെയായി
ഭയക്കുന്നുയീ താലോല മനങ്ങളൊക്കെയും
എങ്ങോട്ടു നീക്കമെന്നറിയാത്തവരായി
പരിഭ്രാന്തരായൊരു കുഞ്ഞുമേനികൾ
മൂടിപ്പുതച്ചതും ചുട്ടുചോരയാൽ
ഇളം മേനിയാലെ ഉദിച്ചപാൽമുത്തുകൾ
നീന്തിപ്പടിച്ചതും രക്തസാഗരമിൽ
അന്ധകാരത്തിൽ ജീവിച്ച കുഞ്ഞുങ്ങൾ
അന്ത്യം കഴിച്ചതും രക്തക്കടലിൽ!...

**SAYYID AHAMED ZAIN**

**10-A**




THANK YOU